**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1005** **30-06-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ കടലാക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ കൊയ്പ്പാടി കടപ്പുറം, പെർവാട് കടപ്പുറം, കൊപ്പളം, മൂസോടി, അദീക്ക, ബങ്കര മഞ്ചേശ്വരം, ഹൊസബെട്ടു, കണ്ണതീർത്ഥ തുടങ്ങിയ പ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | കൊയ്പ്പാടി കടപ്പുറത്ത് 404മീ. നീളത്തിൽ അടിയന്തിര പ്രവൃത്തി എന്ന നിലയിൽ ജിയോബാഗ് ഉപയോഗിച്ച് താല്ക്കാലിക ബണ്ട് നിർമ്മിച്ചിട്ടുണ്ട്.<br><br>മഞ്ചേശ്വരം മണ്ഡലത്തിലെ ഹൊസബെട്ടു കടപ്പുറത്ത് കടൽഭിത്തി നിർമ്മിക്കുന്നതിന് - 200 ലക്ഷം അടങ്കലായി ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ആയതിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്.<br><br>നാങ്കി-കൊപ്പളം കടപ്പുറത്ത് 270 മീ. നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | കടലാക്രമണം തടയുന്നതിന് ശാശ്വതപരിഹാര മാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | പരിഗണനയിലുണ്ട്. കടൽത്തീര സംരക്ഷണത്തിനായി നൂതന മാർഗ്ഗങ്ങളായ ടെട്രാപോഡ്, ജിയോട്യൂബ്, ഗ്രോയിൻസ് തുടങ്ങിയ നിർമ്മാണ രീതികളാണ് പരിഗണനയിലുള്ളത്. |

സെക്ഷൻ ഓഫീസർ